# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2398 — 18.07.2011 ൽ മറുപടിയ്ക്ക്

### നബാർഡിന്റെ പുനർവായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ വി. വിജയദാസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കാർഷിക മേഖലയ്ക്ക് നബാർഡ് നിലവിൽ പുനർവായ്പ & നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) (ബി) കേരളത്തിലെ കാർഷിക മേഖലയ്ക്ക് നിലവിൽ നബാർഡിൽ നിന്നും പുനർവായ്പ ലഭ്യമാകുന്നില്ല. കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11 (1) - ാം വകുപ്പ് പാലിക്കാത്തതിനാൽ 2009 -10 വർഷം മുതൽ സംസ്ഥാനത്ത് കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാകുന്നില്ല. ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11 (1) -ാം വകുപ്പ് പാലിക്കാത്ത സംസ്ഥാന സഹകരണ ബാങ്ക് പുനർവായ്പ ലഭിക്കുന്നതിനായി ഗവൺമെന്റ് ഗ്യാരണ്ടി നൽകുകയോ കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. 2008 - 09 വർഷം 14 ജില്ലാ സഹകരണ ബാങ്കുകൾക്കായി 663.81 കോടി രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പക്കുള്ള അപേക്ഷ നബാർഡിനു സമർപ്പിച്ചിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11 (1) -ാം വകുപ്പ് പാലിക്കാത്തതിനാൽ ഗവൺമെന്റ് ഗ്യാരണ്ടി നൽകുകയോ കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തുകയോ ചെയ്യണമെന്ന നിബന്ധനയോടെ 2008 – 2009 വർഷത്തേക്ക് 503.86 കോടി രൂപയുടെ വായ്പാ പരിധി നബാർഡ് |

അനുവദിച്ചിരുന്നു. ഗവൺമെന്റ് ഗ്യാരണ്ടി ലഭ്യമാകാത്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കൈവശമുണ്ടായിരുന്ന 140.77 കോടി രൂപയുടെ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തി 113 കോടി രൂപയുടെ പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാക്കിയിരുന്നു. ഗവൺമെന്റ് ഗ്യാരണ്ടി ലഭ്യമാകാത്തതിനാലും പണയപ്പെടുത്തുവാൻ മതിയായ സെക്യൂരിറ്റി ഇല്ലാത്തതിനാലും 2008 -2009 വർഷം നബാർഡ് അനുവദിച്ച 503.86 കോടി രൂപയിൽ 390.86 കോടി രൂപയുടെ പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാക്കുവാൻ കഴിഞ്ഞില്ല. 14 ജില്ലാ സഹകരണ ബാങ്കുകൾക്കായി 2009 -10 വർഷം 638.84 കോടി രൂപയുടെയും 2010 – 11 വർഷം 599.70 കോടി രൂപയുടേയും ഹ്രസ്വകാല കാർഷിക വായ്പകളുടെ അപേക്ഷ നബാർഡിനു സമർപ്പിച്ചിരുന്നു. എന്നാൽ ഗവൺമെന്റ് ഗ്യാരണ്ടി നൽകുവാൻ കഴിയാത്തതിനാലും പണയപ്പെടുത്തുവാൻ ഗവൺമെന്റ് സെക്യൂരിറ്റി ഇല്ലാത്തതിനാലും 2009 - 10 വർഷവും 2010 -11 വർഷവും നബാർഡിൽ നിന്ന് പുനർവായ്പ ലഭ്യമായില്ല.

| | |
|---|---|
| (സി) പ്രസ്തുത പുനർവായ്പ ലഭ്യമാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ 11 (1) -ാം വകുപ്പ് പാലിക്കുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിന് സംസ്ഥാന സർക്കാർ 2010 -11 വർഷം 150 കോടി രൂപ ഓഹരി മൂലധനം അനുവദിച്ചു. 2011 – 12 വർഷം 136 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി കേരള സംസ്ഥാന സഹകരണ ബാങ്കിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇപ്രകാരം പുനർവായ്പ ലഭിക്കാതെ കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) നബാർഡിൽ നിന്നും പുനർവായ്പ ലഭ്യമാകാത്തതുകാരണം കർഷകരെ സഹായിക്കുന്നതിനായി കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ സ്വന്തം ഫണ്ടിൽ നിന്നും ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ